**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1098** **02-02-2026 - ൽ മറുപടിയ്ക്ക്**

**ജലജന്യ രോഗങ്ങൾ തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലജന്യ രോഗങ്ങൾ പടർന്നു പിടിക്കുന്നത് തടയുന്നതിനായി വകുപ്പ് നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ജലജന്യ രോഗങ്ങളുടെ വ്യാപനം തടയുന്നതിനായി ജലസേചന വകുപ്പ് വിപുലമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. പ്രധാനമായും ജലാശയങ്ങളിലെ ഒഴുക്ക് സുഗമമാക്കുന്നതിനായി തോടുകളിലും കനാലുകളിലും അടിഞ്ഞുകൂടിയ എക്കലും മണ്ണും നീക്കം ചെയ്യുകയും, ജലസസ്യങ്ങളും പോളയും നീക്കം ചെയ്ത് വെള്ളം കെട്ടിക്കിടന്ന് രോഗാണുക്കൾ വളരുന്നത് ഒഴിവാക്കുകയും ചെയ്യുന്നു. നഗരപ്രദേശങ്ങളിലെ ഓടകളിലൂടെയുള്ള മലിനജലം പ്രധാന പുഴകളിലേക്കും മറ്റ് ജലസ്രോതസ്സുകളിലേക്കും നേരിട്ട് കലരുന്നത് തടയാൻ ശാസ്ത്രീയമായ ഡ്രെയിനേജ് സംവിധാനങ്ങളും തടയണകളും ജലസേചന വകുപ്പ് നിർമ്മിക്കുന്നുണ്ട്. ജനവാസ മേഖലകളിൽ ജലാശയങ്ങളിലേക്ക് പ്ലാസ്റ്റിക്കും മറ്റ് ഖരമാലിന്യങ്ങളും വലിച്ചെറിയുന്നത് നിയന്ത്രിക്കാൻ സുരക്ഷാ വേലികൾ (Fencing) സ്ഥാപിക്കുന്നതിനൊപ്പം, ഡാമുകളിൽ നിന്നും തടയണകളിൽ നിന്നും ആവശ്യാനുസരണം ശുദ്ധജലം തുറന്നുവിട്ട് ജലസ്രോതസ്സുകളിലെ ലവണാംശവും മലിനീകരണത്തിന്റെ തീവ്രതയും കുറയ്ക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ, തീരസംരക്ഷണ ഭിത്തികൾ നിർമ്മിച്ച് മണ്ണൊലിപ്പ് തടയുന്നതിലൂടെ ജലം കലങ്ങുന്നത് ഒഴിവാക്കാനും, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പരിസരം ശുചിയായി സൂക്ഷിക്കാനും ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കേരള ജല അതോറിറ്റി ജലജന്യ രോഗങ്ങൾ തടയുന്നതിനായി ജലസ്രോതസുകളിൽ നിന്നും, ജല ശുദ്ധീകരണ ശാലകളിൽ നിന്നും, പമ്പ് ഹൗസുകളിൽ നിന്നും, വിതരണ ശൃംഖലകളിൽ നിന്നുമുള്ള ജല സാമ്പിളുകളും കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് ലാബിൽ പരിശോധന നടത്തുകയും വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുകയും ചെയ്യുന്നു.<br><br>കുടിവെള്ള സ്രോതസ്സുകൾ കൃത്യമായ ഇടവേളകളിൽ ചെളി നീക്കം ചെയ്ത് വൃത്തിയാക്കുകയും ജലസ്രോതസ്സുകളിലെ ഭൗതിക/ രാസമാറ്റങ്ങൾ കൃത്യമായി നിരീക്ഷണം നടത്തി വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. ആവശ്യമുള്ള പക്ഷം സ്രോതസ്സുകൾ വൃത്തിയാക്കി സൂപ്പർക്ലോറിനേഷൻ നടത്തുകയും ചെയ്യുന്നു.<br><br>ശുദ്ധീകരണശാലകളിൽ കൃത്യമായ ഇടവേളകളിൽ ഇന്ത്യൻ സ്റ്റാൻഡേർഡ് നിഷ്കർഷിക്കുന്ന ജല പരിശോധനകൾ നടത്തിയതിനുശേഷം മാത്രമേ ജലവിതരണം നടത്താറുള്ളൂ. കേരള ജല അതോറിറ്റിയുടെ ജലസംഭരണികൾ കൃത്യമായ ഇടവേളകളിലും ആവശ്യമായ സാഹചര്യം വരുമ്പോഴും വൃത്തിയാക്കാറുണ്ട്. കൂടാതെ ജലവിതരണ ശൃംഖലകളിലെ വിവിധ പോയിന്റുകളിൽ വെള്ളമെടുത്ത് പരിശോധനകൾ നടത്തി ഗുണനിലവാരം ഉറപ്പ് വരുത്തുന്നു. ജല അതോറിറ്റിയുടെ കീഴിലുള്ള എല്ലാ ടാങ്കുകളും സ്രോതസ്സുകളും വൃത്തിയാക്കി സൂപ്പർക്ലോറിനേഷൻ നടത്തുകയും വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് (WTP) കളിൽ കൃത്യമായി ശുദ്ധീകരിച്ച് അണുനശീകരണം നടത്തിയുമാണ് ജല വിതരണം നടത്തുന്നത്.<br><br>കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ ഗ്യാലറി, കിണർ, ജലസംഭരണികൾ എന്നിവ കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കിയും സ്രോതസ്സുകൾ മലിനപ്പെടുത്തുന്നത് ശിക്ഷാർഹമാണെന്ന് പരസ്യബോർഡുകൾ സ്ഥാപിച്ചും, വേലി നിർമ്മിച്ചും, നിരീക്ഷണക്യാമറകൾ സ്ഥാപിച്ചും സ്രോതസ്സുകൾ സംരക്ഷിച്ചുപോരുന്നു. ജലസ്രോതസ്സുകളിലെ ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ജലഗുണനിലവാര പരിശോധന ലാബുകൾ കെ.ഡബ്ല്യു.എ.ക്ക് കീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. ജലശുദ്ധികരണശാലകളിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. വിതരണ ലൈനിലെ dead end-കളിൽ അവശിഷ്ട ക്ലോറിൻ ഉറപ്പുവരുത്തിയാണ് ജലവിതരണം നടത്തുന്നത്. |
| (ബി) | സംസ്ഥാനത്ത് കിണറുകളിൽ ഇ. കോളി ബാക്ടീരിയ അടക്കം വ്യാപിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂജല വകുപ്പിന്റെ ലാബുകളിൽ പൊതുജനങ്ങളുടെ ജല സാമ്പിളുകളിൽ coliform bacteria പരിശോധിച്ച് പരിഹാര മാർഗ്ഗങ്ങൾ |

| | | | |
|---|---|---|---|
| | തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | | നിർദ്ദേശിക്കുന്നു. വകുപ്പിന്റെ മൊബൈൽ ലബോറട്ടറി ഉപയോഗിച്ച് 14 ജില്ലകളിലെ ഗുണനിലവാരം മോശമായ 14 ബ്ലോക്കുകളിൽ പഠനം നടത്തിവരുന്നു. കുടിവെള്ള പദ്ധതികളിലെ ജലഗുണ നിലവാരം ഉറപ്പുവരുത്തിയശേഷം മാത്രം പൊതുജനങ്ങൾക്ക് നൽകുന്നു. |
| (സി) | ജലജന്യ രോഗങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യുന്ന പ്രദേശങ്ങളെ ക്ലസ്റ്ററുകളായി തിരിച്ച് അവിടങ്ങളിലെ കുടിവെള്ള സ്രോതസുകളിൽ ആവശ്യമായ പരിശോധനകൾ നടത്തി പ്രതിരോധ പ്രവർത്തനങ്ങൾക്കായുള്ള ഇടപെടലുകൾ നടത്തുമോ; വ്യക്തമാക്കുമോ? | (സി) | ജലഗുണനിലവാരം മോശമായ ബ്ലോക്കുകൾ തിരിച്ചറിഞ്ഞ് 14 ജില്ലകളിലായി 14 ബ്ലോക്കുകളെ ഉൾപ്പെടുത്തി 2024ൽ ആരംഭിച്ച പദ്ധതി ഒന്നാം ഘട്ടം പൂർത്തീകരിച്ച് അവസാന പരിശോധനകൾ നടന്നുവരുന്നു.<br><br>14 ജില്ലകളിലായി തിരഞ്ഞെടുത്ത 28 സ്കൂളുകളിൽ ആരംഭിച്ച ജല പരിശോധന ലാബുകളിൽ ജല ഗുണനിലവാര പരിശോധനകൾ നടത്തി ആവശ്യമെങ്കിൽ വകുപ്പിന്റെ ലാബുകളിൽ തുടർപഠനത്തിന് സൗകര്യം ഒരുക്കിയിട്ടുണ്ട്.<br><br>മേൽ സംരംഭം നവ കേരള കർമ്മ പദ്ധതി-2 ആയി ചേർന്ന് വ്യാപിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br><br>CGWB (Central Ground Water Board) യുടെയും ഭൂജലവകുപ്പിന്റെയും വിവിധ നിരീക്ഷണ കിണറുകളിലെ ജല പരിശോധന ഫലത്തിന്റെ അടിസ്ഥാനത്തിൽ Bureau of Indian Standared അനുവദനീയ പരിധിക്ക് പുറത്തുള്ള റിസൾട്ടുകൾ ബന്ധപ്പെട്ട ജില്ലകളിൽ സമയബന്ധിതമായി തുടർനടപടികൾക്കായി അയച്ചു നൽകുന്നു.<br><br>ജില്ലാ മെഡിക്കൽ ഓഫീസറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന്, ജലസ്രോതസ്സുകൾ ക്ലോറിനേറ്റ് ചെയ്തു അണുനശീകരണം നടത്താനുള്ള നിർദ്ദേശങ്ങൾ ഗ്രാമ പഞ്ചായത്തുകൾക്കും കുടിവെള്ള സമിതികൾക്കും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ